# അനുധാവനം

## ഫോളോഅപ്പ്

കഴിഞ്ഞ ലക്കത്തിൽ സംസാരിച്ചതുപോലെ, ബസ്ചാർജ് വീണ്ടും ഉയർത്താൻ തീരുമാനമായിരിക്കുന്നു.കഴിഞ്ഞ തവണ ബസ്ചാർജ് വർധിപ്പിച്ചപ്പോൾ ചില വ്യക്തികളും സംഘടനകളും ഫയൽചെയ്ത കേസുകളിലുണ്ടായിട്ടുള്ള കോടതിവിധികൾ മൂലം ഇത്തവണത്തെ ചാർജ് വർധന പ്രാബല്യത്തിൽ വരുത്താൻ കുറെ കാലതാമസം വരും. അടുത്ത ബസ് ചാർജ് വർധന നടപ്പിലാക്കുന്നതിനു മുന്നായി എല്ലാ ബസ്സുടമകളും അവരുടെ മുമ്മൂന്നു മാസത്തെ വരവുചെലവുകൾ സർക്കാരിനു മുന്നിൽ ഹാജരാക്കണം; ഫെയർസ്റ്റേജുകൾ വീണ്ടും അളന്നു തിട്ടപ്പെടുത്തിയിട്ടേ ചാർജ് നിർണ്ണയം നടത്താവൂ എന്നീ നിർദ്ദേശങ്ങളടങ്ങിയ കോടതി ഉത്തരവുകളാണ് സർക്കാരിനെ വലച്ചിരിക്കുന്നത്. ഈ നിർദ്ദേശങ്ങൾ പേരിനെങ്കിലും പാലിച്ചുവെന്നു വരുത്തിയില്ലെങ്കിൽ കോടതിയലക്ഷ്യക്കേസ് വരുമെന്നതു കൊണ്ടാണ് ചാർജ് ഉയർത്തിയ ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകാത്തത്. മിനിമം ചാർജ് ഉയർത്താതെയും ഫെയർസ്റ്റേജുകൾ വീണ്ടും അളന്നു തിട്ടപ്പെടുത്തിയുമാണ് പുതിയ നിരക്കുകൾ നടപ്പിലാക്കുകയെന്ന സർക്കാർ തീരുമാനത്തിനുകാരണവും ഇതുതന്നെ. പക്ഷേ; മറ്റൊന്നും ഇല്ലെങ്കിലും വേണ്ടില്ല, മിനിമം ചാർജ് കൂട്ടാതെ പറ്റില്ല എന്ന മുദ്രാവാക്യമുയർത്തി ബസ്സുടമകൾ സൂചനാപണിമുടക്കു നടത്തിക്കഴിഞ്ഞു. മിനിമം ചാർജിന്റെ മറവിൽ നടക്കുന്ന പിടിച്ചു പറിയിലൂടെയാണ് ബസ്സുടമകളുടെ ലാഭത്തിന്റെ ഇരുപതുശതമാനത്തോളവും ലഭിക്കുന്നതത്രെ. അപ്പോൾപിന്നെ അവരുടെ വിഷമത്തിന്റെ കാരണം മനസ്സിലാക്കാമല്ലോ.

മണ്ണെണ്ണ പെർമിറ്റുകളുടെ കാര്യത്തിൽ അപ്രതീക്ഷിതമായ ഒരു നീക്കമാണ് നടന്നത്. സൂക്ഷ്മപരിശോധനക്കു ശേഷം സ്വീകരിക്കപ്പെട്ട പത്തുലക്ഷത്തിലേറെ വരുന്ന അപേക്ഷകളിൽ അർഹരായവർക്കെല്ലാം പെർമിറ്റ് നല്കാനാണ് സർക്കാർ തീരുമാനം. സൂക്ഷ്മപരിശോധനാ വേളയിൽ തള്ളിപ്പോയ അപേക്ഷകളെല്ലാംതന്നെ, സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ തെറ്റിദ്ധരിപ്പിക്കലുകളുടെ ഫലമായി അപേക്ഷകരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ മൂലമാണ് തള്ളിക്കളയപ്പെട്ടത് എന്ന സത്യം അംഗീകരിച്ചേ തീരൂ. എങ്കിലും 10 ലക്ഷം പേർക്ക് പെർമിറ്റ് നൽകാനുള്ള തീരുമാനം സ്വാഗതാർഹം തന്നെ.

ടെർമിനേറ്റർ ജീനുകളടങ്ങിയ അന്തകൻ വിത്തുകൾ ഒരു രീതിയിലും ഇന്ത്യൻ കൃഷിയിടങ്ങളിലെത്താതിരിക്കാൻ എല്ലാവിധ കരുതലുമെടുക്കണമെന്ന് കേന്ദ്രസർക്കാർ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ശക്തമായ നിർദ്ദേശം നല്കിയിരുന്നെങ്കിലും ചില സൂത്രപ്പണികളുപയോഗിച്ച് അന്തകൻ വിത്തുകൾ ഇന്ത്യയിലെ ചില കൃഷിപരീക്ഷണ കേന്ദ്രങ്ങളിലെത്തിച്ച് കൃഷി നടത്തിപ്പിക്കാൻ അന്തകൻ വിത്തുല്പാദിപ്പിക്കുന്ന കമ്പനികൾക്കു കഴിഞ്ഞിട്ടുണ്ട് എന്ന് ചില വാർത്താ കേന്ദ്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇത് സത്യമാണോ എന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെങ്കിലും വാർത്ത നിഷേധിക്കാൻ ആരും തയ്യാറായിട്ടില്ല. ഈ വിഷയത്തെക്കുറിച്ചുള്ള കൂടുതൽ വാർത്തകൾക്ക് കാതോർത്തിരിക്കാം. എന്തായാലും അന്തകൻ വിത്തുകൾക്കുടമയായ മൊൺസാന്റോ കമ്പനി കർണാടകത്തിലെ വിവിധ ജില്ലകളിൽ പുതുതായി നടത്തിവരുന്ന പരുത്തികൃഷിയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും വെളിപ്പെടുത്താനാവശ്യപ്പെട്ടുകൊണ്ട് കർണാടകത്തിലെ പ്രമുഖ കർഷക സംഘടനയായ 'കർണാടക രാജ്യ റൈത്ത സംഘം' പ്രത്യക്ഷ സമരമാരംഭിക്കുമെന്നു പ്രഖ്യാപിച്ചു കഴിഞ്ഞു. പ്രൊഫ. നഞ്ചുണ്ട സ്വാമിയാണ് ഈ സംഘടനയുടെ പ്രസിഡണ്ട്.

നക്സൽ വർഗീസിന്റെ വിഷയം സ്വസ്ഥമായൊന്ന് ആടിത്തീർക്കാൻ മലയാളപത്രങ്ങൾക്കായില്ല. സംഗതി കുത്തിപ്പൊക്കി ഉഷാറാക്കിയ മലയാളമനോരമക്ക് ശക്തമായ വിമർശനങ്ങളെ തുടർന്ന് വിഷയം പെട്ടെന്ന് ഉപേക്ഷിക്കേണ്ടിവന്നു. അതോടെ മറ്റ് പത്രങ്ങളും സംഗതി ഉപേക്ഷിച്ചു. എങ്കിലും മുൻ നക്സൽ പ്രവർത്ത

ശേഷം 5-ാം പേജിൽ

# അനുധാവനം

ഒന്നാംപേജിൽനിന്ന്

കരും ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നക്സൽ പ്രസ്ഥാനങ്ങളും സജീവമായ ചില ചർച്ചകളും കൂടിച്ചേരലുകളും നടത്തി ആ അന്തരീക്ഷത്തെ ഉപകാരപ്പെടുത്തുകയുണ്ടായി. മുൻ നക്സലുകൾ ഒത്തുചേർന്ന് പുതിയൊരു പ്രസ്ഥാനം ആരംഭിക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടതും ഈ മേഖലയിലുണ്ടായിട്ടുള്ള ചലനങ്ങളുടെ ദൃഷ്ടാന്തങ്ങളാണ്. എന്തായാലും ഭരണകൂട ഭീകരതയുടെ നടുക്കുന്ന മുഖം ചർച്ചചെയ്യപ്പെടാനും ഈ അവസരം പ്രയോജനപ്പെട്ടു എന്നത് ആശ്വാസകരം തന്നെ.

രാസവളങ്ങളുടെയും രാസവിഷങ്ങളുടെയും ഭീകരത കർഷകൻ നേരിട്ടറിഞ്ഞിരിക്കുന്നു എന്നാണ് മണ്ഡരിബാധയുടെ അനുബന്ധ അനുഭവങ്ങൾ തെളിയിക്കുന്നത്. വെറുതെ കിട്ടിയാലും ശരി രാസവിഷം തെളിക്കില്ലെന്നും തെങ്ങ് പോയാലും ശരി ജൈവകീടനാശിനി ഒഴികെ മറ്റൊന്നും ഉപയോഗിക്കില്ലെന്നും വാശിപിടിച്ചു നിൽക്കുന്ന കർഷകരുടെ എണ്ണം നൂറോ ആയിരമോ അല്ല പതിനായിരങ്ങളാണ് എന്നറിയുമ്പോൾ സന്തോഷം തോന്നുന്നു. ജൈവകീടനാശിനി നല്ലതുതന്നെ, പക്ഷെ അതുണ്ടാക്കാനുള്ള ശുദ്ധമായ വേപ്പെണ്ണ കിട്ടാനില്ല എന്നു പറഞ്ഞു തപ്പിത്തടഞ്ഞു നിൽക്കുന്ന സർക്കാർ ഏജൻസികളുടെ സ്വാർത്ഥതയും പുറത്തായി. ഒരു സംസ്ഥാനത്തെയ്ക്കൊട്ടാകെയായി ടൺകണക്കിന് വേപ്പെണ്ണ വേണ്ടിവരുമ്പോൾ അത് വ്യാപാരാടിസ്ഥാനത്തിൽതന്നെ തയ്യാറാക്കികൊടുക്കാൻ ഈ ഇന്ത്യാമഹാരാജ്യത്ത് ഒരാളുമില്ലെന്നു പറഞ്ഞാൽ ആർക്കാണ് ചിരിവരാത്തത്? ഒരു ടെണ്ടർ പരസ്യം ഇന്ത്യയിലെ പ്രമുഖ പത്രങ്ങളിൽ കൊടുത്തു നോക്കാമായിരുന്നില്ലേ?